# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4261 :** **19.10.2011 ൽ മറുപടിയ്ക്ക്**

***മാറഞ്ചേരി ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം***

| ***ചോദ്യം.*** | ***ഉത്തരം*** |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) പൊന്നാനി താലൂക്കിലെ മാറഞ്ചേരിയിലുള്ള ഗവൺമെന്റ് ഐ.ടി.ഐ. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതു മൂലം വിദ്യാർത്ഥികൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഐ.റ്റി.ഐ.യ്ക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച 30 ലക്ഷത്തിന്റെ ബിൽഡിംഗ് പണികൾ പൂർത്തീകരിച്ചാലും കെട്ടിടം പണി പൂർത്തീകരിക്കാൻ സാധിക്കില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ പുതിയ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ഒരു കോടി രൂപയുടെ ബിൽഡിംഗ് പ്രവൃത്തികൾ തുടങ്ങുന്നതിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി) എങ്കിൽ പുതിയ ബ്ലോക്കിന്റെ പണികൾ എന്ന് തുടങ്ങാനാകും? | ***(ബി , സി & ഡി)*** ഐ.ടി.ഐ. പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം സൗജന്യമായി ലഭ്യമാക്കണമെന്ന വ്യവസ്ഥയിലാണ് മറ്റ് സ്ഥലങ്ങൾക്കൊപ്പം മാറഞ്ചേരിയിലും ഐ.ടി.ഐ. അനുവദിച്ചിട്ടുള്ളത്. ആയതിനാൽ കെട്ടിടം നിർമ്മിച്ച് നൽകേണ്ട ബാധ്യത ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണ്. |

സെക്ഷൻ ഓഫീസർ